2

ചോ:

# “പ്രവാചകന്മാർ സഭയെ കുറിച്ചു എന്തു പറഞ്ഞു?”

## ഉത്തരം:

അറിയാവുന്നേടത്തോളം, ഒരു പഴയനിയമ പ്രവാചകനും “സഭ”[1] എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. യോഹന്നാൻ സ്നാപകനും ഉപയോഗിച്ചിട്ടില്ല, എന്നാൽ യോഹന്നാനും പ്രവാചകന്മാരും സഭ എന്ന വാക്ക് സംസാരിച്ചിട്ടുണ്ട്. അവസാനം, പഴയനിയമ പ്രവാചകന്മാരുടേയും യോഹന്നാന്റേയും പ്രവചന കാഴ്ച്ചപ്പാട് അധികവും പുതിയനിയമസഭയെക്കുറിച്ചായിരുന്നു. അതു ലഭിക്കുവാനിരിക്കുന്നവർക്ക്, പുതിയനിയമ സഭ “ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതു ഒക്കെയും യഥാസ്ഥാനത്താക്കുന്ന കാലം വരുവോളം ഉള്ളതാണ്” (പ്രവൃത്തികൾ 3:21).

പത്രൊസ് പ്രവൃത്തികൾ 3-ൽ പറഞ്ഞ “യഥാസ്ഥാനത്താക്കൽ” യെഹൂദന്മാർ ബാബേൽ പ്രവാസശേഷം അവരുടെ സ്വദേശത്തേക്കു യഥാസ്ഥാനപ്പെടുത്തുന്നതല്ല. അതു പ്രവാസം തുടങ്ങി എഴുപതു വർഷങ്ങൾക്കു ശേഷം സംഭവിച്ചതാണ് (യിരെമ്യാവു 25:11), അതുകൊണ്ടു അതു ബി.സി. 606–536–ൽ കഴിഞ്ഞുപോയി (എസ്രാ 1; 2 നോക്കുക).

അതിലുപരിയായി, യഥാസ്ഥാനകാലത്തിന്റെ ആരംഭം വരെ സഭ ഉണ്ടാകുമെന്നുമല്ല പത്രൊസ് പറയുന്നതു. സഭ (അവന്റെ രാജ്യം) പിതാവിന്നു ഏല്പിച്ചു കൊടുക്കുമ്പോൾ (1 കൊരിന്ത്യർ 15:24), യാതൊന്നും യഥാസ്ഥാനപ്പെടുകയില്ല. പകരം, ആകാശവും ഭൂമിയും കൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോകയും, മൂല പദാർത്ഥങ്ങളെല്ലാം വെന്തുപോകയും ചെയ്യും (2 പത്രൊസ് 3:10, 11; വെളിപ്പാട് 21:1), അല്ലാതെ യഥാസ്ഥാനത്താകുകയല്ല. സകലതും “പുതുതാക്കുക”യാണ് (വെളിപ്പാട് 21:5).

അല്ല, ഏ.ഡി. 30 മുതൽ ലോകാവസാനം വരെ, യഥാസ്ഥാന കാലം തികയുവോളം സഭ ഉണ്ടാകും. സഭ സ്ഥാപിച്ചതുമുതൽ യഥാസ്ഥാനത്താക്കിക്കൊണ്ടിരിക്കുകയാണ്, അതു ഇപ്പോഴും തുടരുന്നു, യേശു വീണ്ടും വരുന്നതുവരെ തുടർന്നുകൊണ്ടിരിക്കും. യോഹന്നാന്റെ പ്രവൃത്തിയും ഒരു യഥാസ്ഥാനത്താക്കലായിരുന്നു. ഏലിയാവിന്റെ ആത്മാവോടുകൂടി, അവൻ വന്നു സകലവും യഥാസ്ഥാനമാക്കി, “അവൻ അപ്പന്മാരുടെ ഹൃദയം മക്കളിലേക്കും,” നീതിയിലേക്കുള്ള പാതയിൽ അനുസരണമില്ലാത്തവരേയും തിരിച്ചു (മത്തായി 17:11–13; ലൂക്കൊസ് 1:17). അതുപോലെ, തന്റെ സഭ മുഖാന്തരമുള്ള യേശുവിന്റെ പ്രവൃത്തിയും ഒരു യഥാസ്ഥാനത്താക്കലാണ്, അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിലേക്കും തിരിക്കുകയാണ് (പ്രവൃത്തികൾ 26:18). പ്രവൃത്തികൾ 3:21–ൽ പത്രൊസ് സൂചിപ്പിച്ച “യഥാസ്ഥാനത്താക്കുന്ന കാലം” ഭൗതികമല്ല,

ആത്മികമായ ഒന്നാണ്. അതു സംഭവിക്കുന്നതു സുവിശേഷപ്രസംഗത്താലും (റോമർ 1:16) അതിന്റെ ഫലമായുള്ളതാണ് ''സഭ'' എന്നറിയപ്പെടുന്ന വിളിച്ചു-വേർതിരിക്കപ്പെട്ട ഒരു കൂട്ടം ആളുകൾ. "യഥാസ്ഥാനത്താക്കുന്ന" കാലം തികയുവോളം സ്വർഗം യേശുവിനെ പിടിച്ചുകൊള്ളുന്നു. "വാസ്തവ മായും," "ശമുവേൽ തുടങ്ങി സകലപ്രവാചകന്മാരും, അവന്നു ശേഷമുള്ള പ്രവാചകന്മാരും, ഈ കാലത്തെക്കുറിച്ചു പ്രസ്താവിച്ചു" (പ്രവൃത്തികൾ 3:24). പത്രൊസ് ഏ.ഡി. 30-ൽ പ്രസംഗിച്ച, പദപ്രയോഗമായ "ഈ കാലം," തീർച്ച യായും യേശുവിന്റെ മടങ്ങിവരവിനു ശേഷമുള്ള കാലത്തെ സൂചിപ്പിക്കുന്നില്ല; കാരണം അതിനുശേഷം പിന്നെ കാലം ഇല്ല.

എല്ലാ ക്രിസ്ത്യാനികളും "ദൈവത്തിന്റെ പ്രവാചകന്മാരുടേയും അവൻ പിതാക്കന്മാരുമായി ഉണ്ടാക്കിയ ഉടമ്പടിയുടേയും മക്കളാണ്'' എന്ന സന്തോഷ വാർത്തയാണ് പത്രൊസ് ഏ.ഡി. 30-ൽ അവതരിപ്പിച്ചത്. അവന്റെ സന്തതി മൂലം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്നാ യിരുന്നു ദൈവം അബ്രഹാമിന്നു നല്കിയ വാഗ്ദാനം (പ്രവൃത്തികൾ 3:25). പ്രവാചകന്മാരുടെ വാക്കുകളിന്മേലുള്ള പത്രൊസിന്റെ പ്രസംഗം വിശ്വാസം ബലപ്പെടുത്തുന്നതും തെറ്റിപ്പോകാത്തതുമായ വചനം ശക്തിപ്പെടുത്തുന്ന തുമായ അനുഭവമാണ് നല്കുന്നത്.

## ഉല്പത്തിയിലെ പ്രവചനങ്ങൾ

### ദ പ്രോട്ടിവാഞ്ചെലിയം

ആദ്യത്തെ സുവിശേഷഘോഷണം, ദ പ്രോട്ടിവാഞ്ചെലിയം, നടത്തിയത് ഏദെൻ തോട്ടത്തിലാണ്. ഉൽപത്തി 3:15-ൽ ദൈവം പറഞ്ഞതു സ്ത്രീയുടെ സന്തതി - ക്രിസ്തു (മത്തായി 12:29) വും ക്രിസ്ത്യാനികളും (റോമർ 16:20) - സർപ്പത്തിന്റെ സന്തതിയായ, സാത്താന്റെ മേൽ വിജയം നേടുമെന്നാണ് (എബ്രായർ 2:14; 1 യോഹന്നാൻ 3:8). ഉല്പത്തി 3:15-ൽ പ്രകടിപ്പിച്ചതായ പ്രത്യാശ നൂറ്റാണ്ടുകളായി നിരവധി പേരെ ഉത്തേജിപ്പിച്ചിട്ടുണ്ട്.

### അബ്രഹാമിന്നു നല്കിയ വാഗ്ദാനങ്ങൾ

സ്ത്രീയുടെ ആത്മിയ പിന്തുടർച്ചക്കാരിൽ (കയീൻ മുഖാന്തരമല്ല, ശേത്ത് മുഖാന്തരം), അബ്രഹാമിൽ ദൈവത്തിന്റെ നിത്യമായ ഉദ്ദേശം അവൻ യോജി ച്ചതായി കണ്ടു (ഉല്പത്തി 12:1-3). അബ്രഹാം എങ്ങനെ ദൈവത്തിൽ സത്യ വിശ്വാസിയായിതീർന്നു എന്നു നമുക്ക് അറിയില്ല. അവന്റെ പിതാവു (തേരഹ്) ഒരു വിഗ്രഹാരാധകനായിരുന്നു (യോശുവ 24:2). എങ്ങനെയായാലും, അവന്റെ വല്യപ്പന്മാരിൽ ഒരാളായ, ശേം, ദൈവത്തെ ആരാധിക്കുന്നവനാ യിരുന്നു (ഉൽപത്തി 9:26). അബ്രഹാമിന്റെ ജീവിതത്തിലെ ഏതാണ്ട് 150 വർഷത്തോളം ശേം ജീവിച്ചിരുന്നു, അതുകൊണ്ടു അവനായിരിക്കാം ഒരു പക്ഷെ അബ്രഹാമിന്റെ ഉള്ളിൽ വിശ്വാസം ജനിപ്പിച്ച വ്യക്തി. ഏതുവിധമാ യാലും, അബ്രഹാമിന്നു ദൈവത്തിലുണ്ടായിരുന്ന സമർപ്പണം ബലപ്പെട്ടതു കൊണ്ട് ദൈവം അവന്നു സ്വർഗ്ഗത്തിൽ വെച്ചു മാത്രം പൂർത്തിയാകുന്ന ധാരാളം വാഗ്ദാനങ്ങൾ നല്കി (മത്തായി 8:11). അബ്രഹാമിന്റെ സന്തതിയാൽ (ഉൽപത്തി 22:18) - ഏതാണ്ടു പതിനെട്ടു നൂറ്റാണ്ടുകൾക്കുശേഷം വരുവാ നിരുന്ന, ക്രിസ്തുമുഖാന്തരം (ഗലാത്യർ 3:16) - ഭൂമിയിലെ സകല കുടുംബ

ങ്ങളും അനുഗ്രഹിക്കപ്പെടേണ്ടിയിരുന്നു (ഉൽപത്തി 12:3). ഇന്നു, ക്രിസ്തുവിലായിതീരുന്ന യെഹൂദന്മാരും ജാതികളും ആത്മിയമായി അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു (ഗലാത്യർ 3:29).

**യെഹൂദയോടുള്ള വാഗ്ദാനം**

സ്വർഗ്ഗീയ പദ്ധതിയുമായി യോജിച്ചു, അബ്രഹാമിന്റെ മുതിർന്ന – കൊച്ചുമക്കളിൽ ഒരുവനായ, യെഹൂദ, ക്രിസ്തുവിന്റെ മുൻഗാമിയായിതീരുമെന്നു മുന്നറിയിപ്പു കൊടുക്കുന്നുണ്ട്. ആ മുന്നറിയിപ്പിൽ, ക്രിസ്തുവിനെ ശിലോ ആയിട്ടും ("സമാധാനം കേൾക്കുന്നവൻ") രാജാവായിട്ടും വിവരിച്ചിരിക്കുന്നു (രാജദണ്ഡ് എടുത്തു ഭരിക്കുന്നവനും നിയമം അറിയിക്കുന്നവനും): "അവകാശമുള്ളവൻ വരുവോളം, ചെങ്കോൽ യെഹൂദയിൽനിന്നും, രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും, നീങ്ങിപ്പോകയില്ല" (ഉൽപത്തി 49:10). ശിലോയെ അനുസരിച്ചതായ "ആ ആളുകൾ" യേശുവിന്റെ വിളിച്ചു-വേർതിരിക്കുന്നവർ അല്ലാതെ മറ്റാരുമല്ല (മത്തായി 16:18, 19).

## "ശമുവേലിനാലും അവന്റെ പിൻഗാമികളാലും പ്രവചിച്ച" പ്രവചനങ്ങൾ

**ശമുവേലിനാൽ രേഖപ്പെടുത്തിയ പ്രവചനം**

പ്രവൃത്തികൾ 3:24–ൽ, പത്രൊസ്, ശമുവേലിനെ പ്രത്യേകമായി സൂചിപ്പിച്ചത് പുതിയനിയമസഭയുടെ "ആ കാല"ത്തെ പ്രവചിച്ച പ്രവാചകന്മാരിൽ ഒരാളായാണ്. ഒരു ആലയം എന്നും ഒരു രാജ്യം എന്നും 2 ശമുവേൽ 7:16–ൽ സഭയെ ചിത്രീകരിച്ചിരിക്കുന്നതായി കാണാം. ആ ആലയം വരുമെന്നതു തീർച്ചയായിരുന്നു, അതിന്റെ കാലയളവു നിത്യവും ആയിരിക്കണം. ആ പ്രവചനത്തിന്റെ വെളിച്ചത്തിൽ, സഭയെ ഭവനം എന്നും രാജ്യം എന്നും പുതിയനിയമം പ്രയോഗിച്ചിരിക്കുന്നതിൽ അതിശയിക്കുവാനില്ല (1 തിമൊഥെയൊസ് 3:15; മത്തായി 16:19).

**ദാവീദിനാലുള്ള പ്രവചനം**

യിസ്രായേലിന്റെ രാജകീയപരമ്പരയുടെ ആരംഭക്കാരനായി ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്തു. ദൈവം ദാവീദിനെ ഒരു പ്രവാചകനാക്കിയത് (പ്രവൃത്തികൾ 2:30) പുതിയനിയമത്തിലെ വിളിച്ചു-വേർതിരിക്കപ്പെട്ടവരെ കുറിച്ചു ഒരു പ്രധാന വസ്തുതയെ മുന്നറിയിക്കുവാനായിരുന്നു: "നിന്റെ സേനാദിവസത്തിൽ; നിന്റെ ജനം നിനക്കു സ്വമേധാ ദാനമായിരിക്കുന്നു, ..." (സങ്കീർത്തനങ്ങൾ 110:3). മാനസാന്തരപ്പെടാത്ത ദേശങ്ങൾ, ന്യായവിധിനാളിൽ, മശിഹയുടെ കോപദണ്ഡിന്റെ ചൂട് അറിയും (സങ്കീർത്തനങ്ങൾ 2:9; വെളിപ്പാട് 19:15). അവന്റെ സ്വന്തജനമായ, വിളിച്ചു-വേർതിരിക്കപ്പെട്ടവരുടെ കൂട്ടം, വിശുദ്ധജീവിതത്തിന്റെ മനോഹാരിതയിൽ സ്വമേധാ അവനെ സേവിക്കും.

**യെശയ്യാവിനാലുള്ള പ്രവചനം**

എട്ടു നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ തനിക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരേക്കാൾ വ്യക്തമായി യെശയ്യാവിനു കർത്താവിന്റെ സഭ കാണു

വാൻ കഴിഞ്ഞു. പുതിയനിയമ സഭയെ ‘‘യഹോവയുടെ ആലയമുള്ള പർവ്വതം” എന്നു വിളിക്കുവാൻ അവനു കല്പന ലഭിച്ചു (യെശയ്യാവു 2:2), അതിലേക്ക് സകല ദേശക്കാരും ഒഴുകിച്ചെല്ലും. വീണ്ടും, പുതിയനിയമ എഴുത്തുകാർ പുതിയനിയമസഭയെ പ്രവചനഭാഷയിൽ വിവരിച്ചിരിക്കുന്നതിൽ അസാധാരണത്വമില്ല - ഒരു പർവ്വതമായും ആലയമായും. എബ്രായർ 12:22 പറയുന്നു, ‘‘സീയോൻ പർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ, സ്വർഗ്ഗീയയെരുശലേമിന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നതു, ...” (എബ്രായർ 3:6-ഉം നോക്കുക.)

സഭ ആരംഭിക്കുന്ന സ്ഥലം യെരുശലേം ആയിരിക്കുമെന്നു പ്രവചിക്കുവാൻ യെശയ്യാവിനെയാണ് അധികാരപ്പെടുത്തിയത് (യെശയ്യാവു 2:3). അതിനോടു ശരിയായി യോജിച്ച്, അവന്റെ നാമത്തിൽ പ്രസംഗിക്കുവാൻ ശക്തി ലഭിക്കേണ്ടതുവരെ യെരുശലേം വിട്ടുപോകരുതെന്നു യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചു (ലൂക്കൊസ് 24:46-49). അതുപോലെ ആ പ്രവചനത്തോടു യോജിച്ചുകൊണ്ട്, ആകാശത്തിൻ കീഴുള്ള സകല ജാതികളും (പ്രവൃത്തികൾ 2:5) സഭാംഗങ്ങളാക്കി തീർക്കുന്ന അപ്പൊസ്തലന്മാരുടെ രക്ഷാ സന്ദേശമായ - ക്രിസ്തുവിന്റെ കർത്തൃത്വത്തിന്റെ സുവാർത്ത (പ്രവൃത്തികൾ 2:36) കേൾക്കുകയും ചെയ്തു. അതിന്റെ ഫലമായി മൂവായിരം പേർ ഏകശരീരമായ, കർത്താവിന്റെ സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തികൾ 2:41; 1 കൊരിന്ത്യർ 12:13; കൊലൊസ്യർ 1:18 നോക്കുക). ആ സഭാംഗങ്ങളിൽ “ദാവീദിന്റെ നിശ്ചലകൃപകൾ” പകർന്നു (യെശയ്യാവു 55:3). വലിയ അനുഗ്രഹങ്ങൾ അവർക്കും ഇന്നു ക്രിസ്ത്യാനികളാകുന്ന ഏവർക്കുമുള്ളതാണ്. പണ്ടുമുതലേ, ആളുകൾ അത്തരം അനുഗ്രഹങ്ങളെ കുറിച്ചു കേൾക്കുകയോ കാണുകയോ ഊഹിക്കുകയോ ചെയ്തിരുന്നില്ല (യെശയ്യാവ് 64:4; 1 കൊരിന്ത്യർ 2:9 നോക്കുക), എന്നാൽ ഇപ്പോൾ എല്ലാ ക്രിസ്ത്യാനികൾക്കും അവ യാഥാർത്ഥ്യമുള്ളതായി.

**യിരെമ്യാവിനാലുള്ള പ്രവചനം**

മറ്റൊരു അലങ്കാരം ഉപയോഗിച്ച്, യിരെമ്യാവും പുതിയനിയമസഭയുടെ “ആ കാലത്തെ” കുറിച്ചു മുന്നറിയിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവു അവനു ഒരു ദൈവശ്വാസീയ സാമ്യത നല്കി: ഭൗതിക യെഹൂദ്യയും യിസ്രായേലും മിസ്രയീമിൽ നിന്നു വന്നപ്പോൾ ദൈവത്തിൽനിന്ന് അവർക്കു ഒരു ഉടമ്പടി ലഭിച്ചു. ആ ഉടമ്പടി പുറമെ കല്ലിലും ചുരുളിലുമാണ് എഴുതിയിരുന്നത്, എന്നാൽ ആത്മീയ യെഹൂദ്യക്കും യിസ്രായേലിനും ഒരു *പുതിയ* ഉടമ്പടി എഴുതി ലഭിച്ചത് അവരുടെ ഉള്ളിൽ ഹൃദയങ്ങളിലും മനസുകളിലുമാണ് (യിരെമ്യാവു 31:31-34; നോക്കുക എബ്രായർ 8:6-13). അപ്പൊസ്തലന്മാരുടെ ഹൃദയമെന്ന മാംസപ്പലകയിൽ പരിശുദ്ധാത്മാവിനാൽ എഴുതിയതിന്റെ ഫലമായി ദൈവത്തിന്റെ സഭ നിലവിൽ വരികയും, പ്രവചനം പൂർണ്ണമായി നിറവേറുകയും ചെയ്തു. 2 കൊരിന്ത്യർ 3:3-ൽ ക്രിസ്ത്യാനികളോടു പൗലൊസ് പറഞ്ഞു, “... ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ, ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലൊ, അതു മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാലത്രേ, കല്പലകയിലല്ല ഹൃദയമെന്ന മാംസപലകയിൽ തന്നെ എഴുതിയിരിക്കുന്നത്.”

**ദാനിയേലിനാലുള്ള പ്രവചനം**

സഭയുടെ സ്ഥാപനത്തിനുള്ള കാലം ആറു നൂറ്റാണ്ടുകളിലൂടെ കാണുവാനായി ദൈവം പ്രവാസിയായി പിടിച്ചുകൊണ്ടുപോയ ദാനിയേലിനെ ഉപയോഗിച്ചു. വലിയ സാമ്രാജ്യങ്ങളുടെ ഉയർച്ചയെയും വീഴ്ച്ചയെയും കുറിച്ചു ദാനിയേൽ സംസാരിച്ചു, അതു റോമാരാജാക്കന്മാരുടെ കാലത്തെ കേന്ദ്രീകരിച്ചായിരുന്നു. അവനെ പ്രവചിക്കുവാനായി ശക്തിപ്പെടുത്തി, ആ രാജാക്കന്മാരുടെ ഭരണകാലത്ത്, സ്വർഗസ്ഥനായ ദൈവം കൈകൊണ്ടല്ലാത്ത ഒരു രാജ്യം, എന്നാൽ നിത്യസ്വഭാവമുള്ളതു സ്ഥാപിക്കും (ദാനിയേൽ 2:44; എബ്രായർ 12:28). ആ രാജ്യത്തിലെ പൗരന്മാരാലാണ് പുതിയനിയമസഭ നിർമ്മിതമാകുന്നത് (കൊലൊസ്യർ 1:1, 2, 13).

**യോഹന്നാന്റെ പ്രവചനം**

എ.ഡി. 30–ൽ സഭ ആരംഭിക്കുന്നതിനു മുൻപു ഉടനെ, ദൈവം യോഹന്നാൻ എന്ന ഒരു പ്രവാചകനെ എഴുന്നേല്പിച്ചു. കർത്താവിന്നു വേണ്ടി ആളുകളെ ഒരുക്കുക എന്നതായിരുന്നു അവന്റെ ജോലി (ലൂക്കൊസ് 1:17) അതു ആളുകളെ മാനസാന്തരപ്പെടുവാനും, വരുവാനുള്ള മശിഹയിൽ വിശ്വസിക്കുവാനും, പാപമോചനത്തിന് സ്നാനം ഏല്ക്കുവാനും ആഹ്വാനം ചെയ്തുകൊണ്ടായിരുന്നു (മത്തായി 3:2; മർക്കൊസ് 1:4). ഒരാൾക്കു വേണമെങ്കിൽ യോഹന്നാന്റെ കാലത്ത് സഭ ആരംഭം കുറിച്ചു എന്നും (ഒരുക്കത്തിൽ) ആളുകൾ അതിൽ പ്രവേശിക്കുവാൻ ഓടി വന്നിരുന്നു എന്നും പറയാം (ലൂക്കൊസ് 16:16). എങ്ങനെയായാലും, വാസ്തവത്തിൽ, യോഹന്നാന്റെ കാലത്ത് സഭ ഉണ്ടായിരുന്നില്ല; അവനുപോലും അതിൽ അംഗമാകുവാൻ കഴിഞ്ഞിരുന്നില്ല (മത്തായി 11:11). ദാവീദ് കല്ല് മുറിച്ചു തയ്യാറാക്കിയത് ശലോമോൻ പിന്നീട് ദേവാലയം പണിയുവാൻ ഉപയോഗിച്ചതുപോലെ, യോഹന്നാൻ തയ്യാറാക്കിയ ആത്മിയകല്ലുകൾ ക്രിസ്തു എടുത്തു തന്റെ ആലയമായ, സഭ[2] പണിതു.

**കാലത്തിന്റെ സമ്പൂർണ്ണത**

ന്യായപ്രമാണവും പ്രവാചകന്മാരും സ്വാധീനിച്ചതു യോഹന്നാൻ വരെ ആയിരുന്നു (മത്തായി 11:13), അവന്റെ ശേഷമാണ് അന്തിമമായത് സംഭവിക്കുന്നത്, യുഗങ്ങളായുള്ള പദ്ധതിയുടെ നിറവേറൽ – അതായത്, ദൈവരാജ്യത്തിന്റെ അടിസ്ഥാനവും, അവന്റെ ആലയവും, അവന്റെ പർവ്വതവും, അവന്റെ ആളുകളും, അവന്റെ സഭയും സ്ഥാപിതമാകുന്നത്! നാം ഇപ്പോൾ പഴയനിയമത്താൽ അതിശയിക്കുകയാണ്, കാരണം, ഓരോ പ്രവാചകനും, ശലോമോൻ തുടങ്ങി മലാഖി വരെയുള്ളവരെല്ലാം, വരുവാനുള്ള സഭയുടെ പ്രത്യേക കാഴ്ച നല്കുകയാണ്! “കാലസമ്പൂർണ്ണത” യിൽ (ഗലാത്യർ 4:4), അവന്റെ അനാദിനിർണ്ണയപ്രകാരം (എഫെസ്യർ 3:11), ദൈവത്തിന്റെ കണ്ടെത്താൻ കഴിയാത്ത ജ്ഞാനസമ്പത്തിന്റെ ആഴം മനുഷ്യർക്കു വെളിപ്പെടുത്തി കൊടുത്തു!

**ഉപസംഹാരം**

കർത്താവിന്റെ മനസ് അറിഞ്ഞവൻ ആർ, അല്ലെങ്കിൽ അവന്നു മന്ത്രിയായിരുന്നവൻ ആർ? (നോക്കുക റോമർ 11:34). നാമെല്ലാം, നമ്മുടെ

കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മുഖാന്തരം സകലവും, അവനിൽനിന്നും, അവന്നായും, അവങ്കലേക്കും ആകുന്നു!

---

കുറിപ്പുകൾ

[1]ഇംഗ്ലീഷ് വാക്കായ "സഭ" വന്നതു മിഡിൽ ഇംഗ്ലീഷ് *ചെർച്ചെ* യിൽ നിന്നുമാണ്, അതു പഴയ ഇംഗ്ലീഷ് *സൈറിസി* ൽനിന്നുമാണ്, അതു ജെർമ്മൻ *കെർച്ചെ* യിൽനിന്നുമാണ്, അതു ഗ്രീക്കു വാക്കായ, *സൈറിയാക്കോണിൽ* നിന്നാണ്, അർത്ഥം "കുറിച്ചുള്ളതായ." *സൈറിയാക്കോൺ* എന്ന വാക്ക് പുതിയനിയമത്തിൽ രണ്ടു പ്രാവശ്യമേ കാണുന്നുള്ളൂ: ഒന്ന്, കർത്തൃമേശയെ കുറിച്ചുള്ളതു (1 കൊരിന്ത്യർ 11:20), രണ്ട്, കർത്തൃദിവസത്തെ കുറിച്ചുള്ളതു (വെളിപ്പാട് 1:10). പിന്നീട് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതു കർത്താവിന്റെ ഭവനത്തെ കുറിക്കുന്നതിനാണ്, അതുകൊണ്ടു ഇംഗ്ലീഷ് വാക്ക് "ചർച്ച്" അർത്ഥമാക്കുന്നത് "കർത്താവന്റെ ആലയം" എന്നാണ്.

യേശു തന്റെ ജനത്തെ, പ്രവാചകന്മാരും യോഹന്നാനും മുന്നറിയിച്ച ആളുകളെ വിവരിക്കുവാൻ ഉപയോഗിക്കുന്ന വാക്ക്, *എക്ലേസ്യ* എന്നാണ്, അർത്ഥം "വിളിച്ചു-വേർതിരിക്കപ്പെട്ടവർ." അതുകൊണ്ടു, ഭൂമിയിലുള്ള എല്ലാ ജനവും, അശുദ്ധമായവയും ഉപേക്ഷിച്ചു ക്രിസ്തുവിന്റെ വിളിയോടു പ്രതികരിച്ചു എല്ലാറ്റിലും അവന്റെ കർത്തൃത്വത്തിനു കീഴ്പ്പെട്ടവർ, അവന്റെ *എക്ലേസ്യ*യാണ്, അതായതു അവന്റെ വിളിച്ചു-വേർതിരിക്കപ്പെട്ടവർ, അവന്റെ സഭയായി തീരുന്നവർ. [2]*യോഹന്നാൻ* സ്നാനപ്പെടുത്തിയവരെ ആ കാലത്ത് വീണ്ടും സ്നാനപ്പെടുത്തിയതായി രേഖയില്ല. അങ്ങനെ ചെയ്താൽ യോഹന്നാനെ ഏൽപ്പിച്ച പ്രവൃത്തി അവൻ ശരിയായി പൂർത്തിയാക്കിയില്ല എന്നു വരും: അവന്റെ പ്രവൃത്തി കർത്താവിന്നുവേണ്ടി വഴി ഒരുക്കുകയായിരുന്നു (ലൂക്കൊസ് 1:17). കൂടാതെ, അതു അന്നു ആവശ്യമായിരുന്നെങ്കിൽ, പത്രൊസ് രണ്ടാമതു സ്നാനമേൽക്കുന്നതിനു പെന്തെക്കൊസ്തുനാളിൽ വഴി ഒരുക്കുമായിരുന്നു.

ഇരുപത്തി-നാലു വർഷങ്ങൾക്കു ശേഷം എഫെസൊസിൽ വെച്ച്, ആരോ (ഒരു പക്ഷെ അപ്പൊല്ലൊസ്) ക്രൂശിക്കപ്പെടുവാനുള്ള മശിഹക്കുവേണ്ടി ഒരുങ്ങുവാനുള്ള യോഹന്നാന്റെ സന്ദേശവും, ചുരുങ്ങിയതു അവൻ പന്ത്രണ്ടുപേരെ സ്നാനം കഴിപ്പിച്ചു എന്നും അപ്പോഴും പ്രസംഗിക്കുകയായിരുന്നു (പ്രവൃത്തികൾ 19:1-4). മശിഹ വരികയും തങ്ങൾക്കു വേണ്ടി എ.ഡി. 30-ൽ മരിക്കയും ചെയ്തു എന്നറിയാതെ, അജ്ഞതയിലായിരുന്നു ഏ. ഡി. 54-ൽ അവർ സ്നാനം ഏറ്റത്. അനന്തരം, അവർ സത്യം മനസിലാക്കിയപ്പോൾ, വീണ്ടും സ്നാനം ഏല്ക്കേണ്ടതു ആവശ്യമായിരുന്നു. ഏ. ഡി. 30-നു മുമ്പു സ്നാനം ഏറ്റ ആരെയും വീണ്ടും സ്നാനം കഴിപ്പിച്ചതായി നമുക്ക് രേഖയില്ല.